(സി) അവസാനം സെറ്റ് പാസ്സായ നിശ്ചിതയോഗ്യതയുള്ള ഹൈസ്കൂൾ അദ്ധ്യാപകരെ കൂടി ഉൾപ്പെടുത്തി പുതിയ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ലിസ്റ്റ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അത് എപ്പോൾ തയ്യാറാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക നിയമനത്തിന് സർവ്വീസിലുള്ള മറ്റ് അദ്ധ്യാപകർക്കായി നീക്കിവച്ചിട്ടുള്ള 25% ഒഴിവുകളിലേക്ക് നിർദ്ദിഷ്ട യോഗ്യതകളുടെ അടിസ്ഥാനത്തിൽ 20-9-2001-ൽ സെറ്റ് ഉൾപ്പെടെ യോഗ്യത നേടിയ അദ്ധ്യാപകരുടെ സീനിയോറിറ്റ് ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തിയിട്ടുണ്ട്. 20-9-2001 എന്ന കാലപരിധി നിശ്ചയിച്ച് അന്നുവരെ ഉണ്ടായിട്ടുള്ള ഒഴിവുകളുടെ 25% ത്തിലേക്കുമാത്രമേ ഈ ലിസ്റ്റിലുള്ളവരെ പരിഗണിച്ചിട്ടുള്ളൂ. ആയതിനാൽ 20-9-2001-നുശേഷം സെറ്റ് പാസ്സായ അദ്ധ്യാപകർക്ക് അർഹമായ സ്ഥാനക്കയറ്റം നഷ്ടപ്പെട്ടിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഇതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർ

111 [5776] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഡെപ്യൂട്ടേഷൻ കാലാവധി മൂന്നുവർഷം തികഞ്ഞ അദ്ധ്യാപകരുടെ സേവനപരിധി 31-8-2003 വരെ നീട്ടിക്കൊണ്ട് സർക്കാർ ഉത്തരവ് ഉണ്ടായതിലൂടെ ജീവനക്കാർക്കും കുടുംബത്തിനും ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഇവരുടെ സേവന കാലാവധി ഈ അക്കാദമിക് വർഷത്തേക്ക് മുഴുവനായി നീട്ടിക്കൊടുക്കാനാവുമോ;

(ബി) വി.എച്ച്.എസ്.ഇ. വകുപ്പ് മേധാവിയോട് തയ്യാറാക്കി സമർപ്പിക്കാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുള്ള പുതിയ ലിസ്റ്റിൽ നിലവിൽ ഡെപ്യൂട്ടേഷനിൽ ഉള്ളവരെക്കൂടി ഉൾപ്പെടുത്താനാവുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) നിലവിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 3 വർഷം സേവനകാലം തികഞ്ഞവരെ ഉടനെ ഉൾപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

ബധിര-മൂക വിദ്യാലയങ്ങളിലെ അധ്യാപക നിയമനം

112 [5777] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly